**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1034** **11-02-2025 - ൽ മറുപടിയ്ക്ക്**

**പൈപ്പ്ലൈൻ പൊട്ടിച്ച് പാഴാക്കുന്ന ജലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് ചവറ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടിച്ച് ജലം പാഴാക്കിയതിന് പിഴയായി നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നാളിതുവരെ എത്ര രൂപയുടെ ബില്ലുകൾ നൽകി എന്നറിയിക്കാമോ; | (എ) | നാഷണൽ ഹൈവേയുടെ വർക്കുമായി ബന്ധപ്പെട്ട് ചവറ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പൊട്ടിച്ച് ജലം പാഴാക്കിയതിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് കേരള വാട്ടർ അതോറിറ്റി ചവറ സബ് ഡിവിഷനിൽ നിന്നും 04/05/2023-ൽ 63,109.05/- രൂപയുടെ വാട്ടർ ബില്ലും 06/12/2024-ൽ 2,02,290/- രൂപയുടെ ബില്ലും നൽകിയിട്ടുണ്ട്. |
| (ബി) | ചവറ പന്മന കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ പൊട്ടിച്ച് പാഴാക്കുന്ന ജലത്തിന്റെ കണക്ക് കൂടി ഉൾപ്പെടുത്തിയാണോ ബില്ല് നൽകുന്നത്; വ്യക്തമാക്കുമോ; | (ബി) | ചവറ പന്മന കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പമ്പിംഗ് മെയിനിൽ നാഷണൽ ഹൈവേയുടെ വർക്കുമായി ബന്ധപ്പെട്ട് ലീക്കുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. എന്നാൽ വാട്ടർ അതോറിറ്റി SLEC-യുടെ ടാങ്കിൽ ലഭ്യമാക്കുന്ന മുഴുവൻ വെള്ളത്തിനും വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന ചോർച്ച പരിഗണിക്കാതെയാണ് ബില്ല് നല്കികൊണ്ടിരിക്കുന്നത്. |
| (സി) | അല്ലെങ്കിൽ ജലനിധിയുടെ പാഴാകുന്ന വെള്ളത്തിന് നഷ്ടപരിഹാരം ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുകയെന്ന് അറിയിക്കാമോ? | (സി) | വിതരണ ശൃംഖലയിൽ ജല ചോർച്ച മൂലം ഉണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് സമയ ബന്ധിതമായ അറ്റകുറ്റപ്പണികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ